(ബി) ഏതെങ്കിലും നിലയിലുള്ള പഠനം നടത്തിയതിനുശേഷമാണോ ജില്ലകളിൽ പദ്ധതി പ്രഖ്യാപനങ്ങൾ നടത്തിയത് ; എങ്കിൽ അതേക്കുറിച്ച് വിശദമാക്കാമോ ;

(സി) നിലവിൽ ബഡ്ജറ്റിന്റെ ഭാഗമായിട്ടുള്ളവയാണോ പ്രഖ്യാപിത പദ്ധതികൾ ; എങ്കിൽ ഇത്തരത്തിൽ പ്രത്യേകമായി പ്രഖ്യാപിച്ചത് എന്തുകൊണ്ടായിരുന്നു ; ഓരോ ജില്ലയിലും പ്രഖ്യാപിച്ച പുതിയ പദ്ധതികളാണെങ്കിൽ അവയ്ക്ക് ഫണ്ട് കണ്ടെത്തുന്നത് ഏത് രീതിയിലാണ് ; വിശദമാക്കാമോ ;

(ഡി) പ്രസ്തുത പ്രഖ്യാപനങ്ങൾ എപ്പോൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ-ഡി) ജനസമ്പർക്ക പരിപാടികളിൽ ലഭിച്ചതുൾപ്പെടെയുള്ള വിവിധ അപേക്ഷകളും ആവശ്യങ്ങളും പരിഗണിച്ച് അതതു ജില്ലയുടെ ചുമതലയുള്ള മന്ത്രിമാർ, ജനപ്രതിനിധികൾ, ജില്ലാകളക്ടർമാർ, ബന്ധപ്പെട്ട വകുപ്പുമേധാവികൾ എന്നിവരുമായി നടത്തിയ ചർച്ചയ്ക്കുശേഷമാണ് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇവയിൽ പലതും നടന്നുകൊണ്ടിരിക്കുന്നതും ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടുള്ളതുമാണ്. സമയബന്ധിതമായി പൂർത്തീകരിക്കുവാനാണ് തീരുമാനം. മറ്റു പദ്ധതികൾ വിവിധ തലങ്ങളിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് തീരുമാനം എടുക്കുന്നതാണ്.

**ജല ഗതാഗത യാനങ്ങളുടെ സുരക്ഷ**

9(*609) ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിന്റെ ജലഗതാഗത യാനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ജലഗതാഗത വകുപ്പിന്റെ കീഴിൽ സർവ്വീസ് നടത്തുന്ന ബോട്ടുകൾ പലതും കാലപ്പഴക്കംചെന്നും അറ്റകുറ്റപ്പണി നടത്താതെയും അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഇവയുടെ പരിശോധനയ്ക്കും റിപ്പയറിംഗിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ജലഗതാഗതവകുപ്പിന്റെ എല്ലാ ജലയാനങ്ങളും Kerala Inland Vessel Rules 2010 (KIV) അനുശാസിക്കുന്ന എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചാണ് സർവ്വീസ് നടത്തിവരുന്നത്. വകുപ്പുവക ബോട്ടുകളിൽ യാത്രക്കാരുടെയും ജീവനക്കാരുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി ലൈഫ്ബോയ്, ബോയന്റ് അപ്പാരറ്റസ്, ഫയർ എക്സ്റ്റിംഗ്യൂഷർ എന്നീ സുരക്ഷാ ഉപകരണങ്ങളും എല്ലാ യാത്രികർക്കും ലൈഫ് ജാക്കറ്റും സജ്ജീകരിച്ചിട്ടുണ്ട്. ബോട്ട് യാത്രക്കാർക്കും, ജീവനക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷയും ബോട്ടുകൾക്ക് തേർഡ്പാർട്ടി ഇൻഷ്വറൻസും സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പുവഴി ഉറപ്പുവരുത്തിയിട്ടുണ്ട്. ഇറമുഖ വകുപ്പിന്റെ കൃത്യമായ ഫിറ്റ്നസ് പരിശോധനാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് വകുപ്പിന്റെ എല്ലാ ബോട്ടുകളും സർവ്വീസ് നടത്തിവരുന്നത്.

(ബി&സി) ഇല്ല. ഇറമുഖ വകുപ്പിന്റെ കൃത്യമായ ഫിറ്റ്നസ് പരിശോധനയുടെ അടിസ്ഥാനത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ച ബോട്ടുകൾ മാത്രമാണ് സർവ്വീസ് നടത്തിപ്പിന് ഉപയോഗിക്കുന്നത്. വകുപ്പിന് രണ്ട് യാർഡുകളാണ് നിലവിലുള്ളത്. ടി യാർഡുകൾ നവീകരിച്ച് - മൈനർ അറ്റകുറ്റപ്പണികൾ വകുപ്പ് സ്വന്തം നിലയിൽ ചെയ്തുവരുന്നുണ്ട്. മേജർ റിപ്പയറുകൾക്കായി ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ കേരളത്തിൽ ആദ്യമായി 4 ബോട്ടുകൾ ഒരേസമയം മേജർ റിപ്പയർ ചെയ്യാവുന്ന ഡ്രൈഡോക്കിന്റെയും 4 ബോട്ടുകൾ കയറ്റാവുന്ന സ്ലിപ് വേയുടെയും പണികൾ പൂർത്തീകരിച്ച് വരികയാണ്. റിപ്പയർ വിഭാഗത്തിൽ വിവിധ കാറ്റഗറികളിലായി പുതിയതായി 20 തസ്തികകൾ അനുവദിച്ച് സമയബന്ധിതമായി അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഫയൽ നീക്കത്തിലെ കാലതാമസം**

10(*610) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധുനിക സാങ്കേതിക വിദ്യകളും അതിനനുസരിച്ചുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയ വകുപ്പുകളിൽപ്പോലും ഫയൽ നീക്കത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഇ-ഫയലിങ്ങും അനുബന്ധമായ മറ്റ് പ്രഖ്യാപനങ്ങളും പൂർണ്ണമായും നടപ്പിലാവുന്നില്ലെന്ന് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;